
# VISION



# സ്വാഗതം

Little kites അംഗങ്ങൾ തയ്യാറാക്കിയ ഈ Digital Magazine- ലേക്ക് ഏവർ-ക്കും സ്വാഗതം.

# ആശംസ




**little kites അംഗങ്ങൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ MAGAZINE - ന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു**

**എന്ന്**

**ഹെഡ്മാസ്റ്റർ**

# ആമുഖം

നമസ്കാരം കൂട്ടുകാരെ.....

ഇന്ന് നമ്മുടെ സാങ്കേതിക  വിദ്യ വളർന്നുകൊണ്ടിരി-
ക്കുകയാണ് എന്ന് നിങ്ങൾക്ക് ഏവർക്കും അറിയാ-
വുന്നതാണല്ലോ. അതിനൊരു മാതൃകയാണ് ഡിജിറ്റൽ
മാഗസിൻ. കുട്ടികളും അതിവിദഗ്ധമായി സാങ്കേതിക
വിദ്യയുടെ പടവുകൾ താണ്ടികൊണ്ടിരിക്കുകയാണ്.
ഈ ഡിജിറ്റൽ മാഗസിൻഅതിനൊരു
വഴിത്തിരിവാകുകയാണ്.  ഡിജിറ്റൽ എന്ന നൂനത
സാങ്കേതിക വിദ്യയിലൂടെ കുട്ടികളുടെ മനംകവരും
ആശയങ്ങൾ D. B. H. S.  Vamanapuram  സ്കൂളിലെ
Little kites ക്ലബ് അംഗങ്ങൾ ഈ മാഗസീനിലൂടെ
പകർന്ന് നൽകുന്നു.........

# ഉപന്യാസം

അന്ധവിശ്വാസങ്ങളിൽ നിന്നുംഅനാചാരങ്ങളിൽനിന്നും കേരള ജനതയെ മോചിപ്പിക്കാൻ ജീവിതം മാറ്റിവച്ച സന്യാസി ശ്രേഷ്ഠനാണ് ശ്രീ നാരായണഗുരു. ഒരു ജാതി-ഒരു മതം-ഒരു ദൈവം മനുഷ്യന് എന്നതായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. സാമൂഹികതിന്മകൾക്കെതിരെയു- ള്ളപോരാട്ടമായിരുന്നു ഗുരുവിന്റെ ജീവിതം. അദ്ദേഹത്തിന്റെ സമത്വ ദർശനം ശിഷ്യനും കവിയുമായ കുമാരനാശാനെ ശക്തമായി സ്വാധിനിച്ചു. ഗുരുവിന്റെ ചിന്തികളിലും

ഉദ്ബോധനങ്ങളിലും അകൃഷ്ടനായി കുമാരാൻ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു .

ജാതിവ്യവസ്ഥയിൽ ഏറ്റവും അസഹനീയമായ അവസ്ഥയിൽ നിലനിന്ന കുമാരനാശാന്റെ കൃതികളെല്ലാം രചിക്കപ്പെട്ടത്. ജാതീയമായ വേർതിരുവുകളെല്ലാം അനുഭവി-ക്കേണ്ടിവന്ന കുമാരനാശാൻ തന്റെ കൃതികളി-ലൂടെ അസമത്വങ്ങൾക്കും അനാചാരങ്ങൾക്കും-മെതിരെ ശക്തമായി പ്രതികരിച്ചു. അനേകം വർഷങ്ങലായി സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾ അദ്ദേഹം തന്റെകൃതികളിലൂ-ടെയാണ് തുറന്ന് കാട്ടുന്നത്. ജാതിയെ തുടച്ച് നീക്കാൻ ആശാന് കരുത്ത് പകർന്നത് ഗുരുവിന്റെ പ്രവർത്തനങ്ങളും സന്ദേഷങ്ങളും

ആണ്. മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായി-
രിക്കണം സാമൂഹിക പരിപ്രവർത്തനം എന്ന്
ആശയം കുമാരനാശാൻ വിശ്വസിച്ചു. മനുഷ്യൻ
എന്ന ജാതി മാത്രമേ ഉള്ളു എന്ന ആശയം
കുമാരനാശാൻ തിരിച്ചറിഞ്ഞത് ശ്രീനാരയണ-
ഗുരുവിന്റെ തത്വബോധങ്ങളിൽ നിന്നാണ്
അദ്ദേഹത്തിന്റെ ആദർഷങ്ങളെ മുറുകെ പിടിച്ചു
കൊണ്ട് മാനവികതയെ ഉയർത്തിപ്പിടിക്കുക-

യാണ് ആശ്ൻ ചെയ്തത് .

ANU RAJ

(9.B)



# ‘Kerala Disaster life Rise of the sons the sea us super horses in the ocean of humanity’

During the recent unexpected flood the whole world witnessed the heroic efforts of the sons of the sea.

They united unasked and rushed to the flood affected spots in their boats. They rescued many lives. No other agencies could do much when the flood affected people sought help. The ability to ride boats the swimming skills the boldness the empathy etc...... enabled the fisher men rise to the ocean. They did not asked by anyone. The empathy in them for the brother's and sister's in made them forget their worry without thinking they risked there lives and rushed to the sports where

they could do a lot they could save many domestic animals the took them all to safe centres thus, they proved they were the superheroes in the rescued operation.  No body else could do the kind of service the fisher men community did the whole people of kerala are indebted to them. Their noble effort will be ever remembered .

KARTHIKA.R(10. B)

# ഞാൻ

പല പല നാളുകൾ ഞാനൊരു-
പുഴുവായ് പവിഴക്കൂട്ടിലുറങ്ങി
ഇരുളും വെട്ടവുമറിയാതങ്ങനെ
ഇരുന്നു.നാളുകൾ നീങ്ങി അരളി-
ച്ചെടിയുടെ ഇലതന്നടിയിൽ അ-
രുമക്കിങ്ങിണി പോലെ വീശും
കാറ്റത്തിളകിത്തുള്ളി വീഴാതങ്ങനെ നിന്നു
ഒരു നാൾ സൂര്യനുദിച്ചുണരുമ്പോൾ
വിടരും ചിറകുകൾ വീശി പുറത്തുവന്നു.
അഴകുതുടിക്കും പൂമ്പാറ്റത്തളിരായി
വിടർന്നുവിലസും പനിനീർ പൂവിൽപറന്നു
പറ്റിയിരുന്നു പൂവിൽ തുള്ളും പൂവതുപോലെ
പൂന്തേനുണ്ടുകഴിഞ്ഞു.......

ശാന്തി (5A)

# കഥകളി

കേരളീയ കലാരൂപമാ-
ണ് കഥകളി കേരളത്തിൽ ഏറ്റ-
വും കൂടുതൽ പ്രധാന്യം നേടിയ
കഥകളിയെ നമ്മൾ കേരളീയ
കലാരൂപമെന്ന് പറയുന്നു. മുൻ -
കാലങ്ങളെ അപേക്ഷിച്ച് ഇന്ന-
ത്തെ കാലത്ത് കഥകളി കുറവാ-
ണ് . കേരളീയ സംസ്കാരം
വളർന്നതിനെ തുടർന്ന് കലാരൂ-

പങ്ങളുടെ എണ്ണം കുറയുകയും കലാരൂപങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. കഥകളിയുടെ പ്രമേയം ആട്ടക്കഥകളിൽ നിന്നാണ്. ഇലത്താളം, ചേങ്ങില, ഇടയ്ക്ക തുടങ്ങിയവയാണ് കഥകളിയുടെ പ്രധാന വാദ്യോപകരണങ്ങൾ.

**ANANDU.S**
**(8.B)**

# <u>തുമ്പ</u>

വയലോരത്ത് പുഞ്ചിരി-
തൂകി നിൽക്കുന്ന തുമ്പ ഒന്ന് തല-
പ്പൊക്കിനോക്കി!.മുകളിൽ കത്തി
നിൽക്കുന്ന സൂര്യൻ. കൊറ്റികൾ ത-
പസ്സിരിക്കുന്നു.തത്തകൾ നെല്ല്
കൊത്തി പറക്കുന്നു . ആഹാ! എന്ത്
സുന്ദരമാണ് നമ്മുടെ ഈ ഭൂമി തുമ്പ-
പ്പൂ ചിന്തിച്ചു.

-തനിമ(5.A)

# വേനൽച്ചൂട് (കവിത)

വേനലിന്റെ കഠിനമാം കരങ്ങൾ

അവർക്കുമേൽ കാട്ടുതീയായി

പടരവേ ഒരിറ്റു ദാഹജലത്തി-

നായി കേഴും പിഞ്ചോമനകൾ

തൻ ദയനീയതയും സൂര്യന്റെ

കണ്ണിൽ നിസ്സാരമാം വിഷയ-

ങ്ങൾ

ശ്രീക്കുട്ടി (7.A)

# ക്വിസ്

1 . www -  ന്റെ പൂർണ നാമം?

-വേൾഡ് വൈഡ് വെബ്

2.ഇന്ത്യയിലെ ആദ്യ ഓൺലൈൻ -

സംവിധാനം ആരംഭിച്ച ബാങ്ക്?

-എച്ച്.ടി.എഫ്.സിബാങ്ക്

3.എല്ലാ പഞ്ചായത്തുകളും കമ്പ്യൂട്ടർ-

വത്കരി ആദ്യ ഇന്ത്യൻ സംസ്ഥാ-

നം?

-തമിഴ്നാട്

4. ആദ്യമായി മലയാളംവെബ്സൈ-

റ്റ് തുടങ്ങിയ ബാങ്ക്?

-എസ്ബിടി

5. ഇന്റർനെറ്റ് ഉപയോഗിക്കുന്നതി-

നായി ആദ്യം രൂപം കൊണ്ട ഭാഷ?

-ജാവ

6. ജാവവികസിപ്പിച്ചെടുത്തതാര്

-ജെയിംസ് ഗോസി

by

സൗപർണിക

# കൊച്ചു തുമ്പി

ഒന്നാനാം കൊച്ചുതുമ്പി,

എന്റെക്കൂടെപ്പോരുമോ നീ?

നിന്റെ കൂടെപ്പോന്നാലോ ,

എന്തെല്ലാം തരുമെനിക്ക്?

കളിപ്പാനോ കളം തരുവേൻ

കുളിപ്പാനോകുളം തരുവേൻ

ഇട്ടിരിപ്പാൻ പൊൻതടുത്ത്

ഇട്ടുണ്ണാൻ പൊൻതളിക

കൈകഴുകാൻ വെള്ളിക്കിണ്ടി

കൈതോർത്താൻ പുള്ളിപ്പട്ട്

ഒന്നാനാം കൊച്ചുതുമ്പി,എന്റെ കൂടെ പ്പോരുമോ

നീ ? ABHIRAMI(7.A)

# കടങ്കഥ

1) അമ്മയ്ക്ക് വാലില്ല മക്കൾക്ക്-
വാലുണ്ട്

-തവള

2) എന്നെതൊട്ടാൽ തൊട്ടവനെ-
തട്ടും

-വൈദ്യുതി

by

അഞ്ജലി

# കവിതാഖണ്ഡങ്ങൾ

. തളിരും മലരും തരുപ്പടർപ്പും
തണലും തണുവണിപ്പുൽപ്പരപ്പും
കളകളം പെയ്തുപെയ്തങ്ങുമനിങ്ങും
ഇളകിപ്പറക്കുന്ന പക്ഷികളും

- ചങ്ങമ്പുഴ

. ശീതം തഴപ്പൊരു ഹേമന്തകാലവു-
മാമന്ദം പോന്നിങ്ങു വന്നിതപ്പോൾ
പാലാഴിത്തുവെള്ളം തൂകുന്നപോലെ

നൽ പ്രാലേയംളുകിത്തുടങ്ങീ

തെങ്ങും

-ചെറുശ്ശേരി



# മരിച്ച നദി

വേന

ൽ ചുട്ടുപൊ-

ള്ളുന്ന ഏപ്രിൽ മാസത്തി-

ലാണ്  കിച്ചു മുത്തശ്ശിയുടെ

വീട്ടിൽ എത്തിയത്. വന്ന

പാടെ അവൻ മുത്തശ്ശിയെ

കെട്ടിപ്പിടിച്ചു. അവർ അവ-

രുടെ ചുക്കിച്ചുളിഞ്ഞ കൈ-
കൊണ്ട് അവനെ തലോടി.
മുത്തശ്ശൻെ മരണ ശേഷം
അവർ ഒറ്റ്യ്ക്കാണ്.ആ ഗ്രാമ-
ത്തിലെ സൗന്ദര്യം അവന്
ഇഷ്ടമായിരുന്നു.വയലും
നദിയുമൊക്കെ ആ ഗ്രാമ-
ത്തെ മനോഹരമാക്കുന്നു.
കാവിലെ വേലയ്ക്കും മറ്റും
മുത്തശ്ശി അവനെ കൊണ്ട്

പോകാറുണ്ട്. വൈകിട്ട്
ആയപ്പോൾ നദിയിൽ
പോകണമെന്ന് അവന്
തോന്നി . നദിയിലെത്തിയ
അവന് നിരാശയാണ്
തോന്നിയത് .നദി അതാ
മരിച്ചു കിടക്കുന്നു.ഒരുതുള്ളി
വെള്ളം പോലും ഇല്ലാതെ
മരിച്ചു കിടക്കുന്നു ,മൈതാ-
നം പോലെ .ആരുടെയോ

നിലവിളി പോലെ വരണ്ട-

കാറ്റ് അവിടെയെല്ലാം-

കറങ്ങി പാറക്കൂട്ടങ്ങൾ

ക്കിടയിലൂടെ തിരികെ

പോയി.

R O H I N I
P A R V A T H I

A B H I N A V



# പക്ഷി

തത്തിക്കളിച്ചും വരിനെല്ല മെല്ലെ

കൊത്തിക്കൊറിച്ചും



ചിറകിട്ടടിച്ചും

പാടത്തു കണ്ണും കരളും

കവർന്ന

മാടപ്പിറാവേ വരികെന്റെ

ചാരേ

- അമൽ (9. b)



## കേരളം മാലിന്യക്കൂമ്പാരമായി..........

കല്പവൃക്ഷങ്ങളുടെ നാടായ കേരളം ഇന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ചവറ്റുകൂട്ടയാണ് . മലയാളികളുടെ നിത്യോപയോഗ സാധനങ്ങളിൽ 100-ൽ 90 ശതമാനവും പ്ലാസ്റ്റിക് വസ്തുക്കൾ തന്നെ.കടൽത്തീരങ്ങളിലും പൊതുസ്ഥലങ്ങളിലും കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ടൺ കണക്കിനാണ്.ഇന്ന് നാട് നേരിടുന്ന വലിയൊരു വെല്ലുവിളിയാ-

ണ് പ്ലാസ്റ്റിക് നിർമ്മാർജ്ജനം.ഹരിതാഭമായ നെൽവയലുകൾ ഇന്ന് സ്വപ്നകാഴ്ച്ചകളാണ്.

ഇടതൂർന്ന മരങ്ങളും വ-ള്ളിച്ചെടികളുമായി ദൃശ്യസുന്ദരമായ പ്രകൃതി ഇന്ന് പുതുതലമുറയ്ക്ക് അവിശ്വസനീയമായ കാഴ്ച്ച-യാണ്.പുതുതലമുറ ഇന്ന് കാണുന്നത് മാലന്യക്കൂമ്പാരവുംബഹുനിലക്കെട്ടിടങ്ങളുമാണ ്

അതുല്ല്യ (6 B)

# മലയാള

# മാഹാത്മ്യം

മലയാളം വളരെ മഹത്തായ ഒരു ഭാഷയാണ്. തുടക്കത്തിൽ നിരണം കവികളിൽപ്പെട്ട രാമപ്പണ്ണിക്കർ എഴുതിയ രാമായണം,ഭാഗവതം തുടങ്ങിയവയും ചെറുശ്ശേരിയുടെ കൃഷണഗാഥയുമാണ് മലയാളത്തിലെ ആദ്യകാലകൃതികൾ.

പിന്നോട് എഴുത്തച്ഛന്റെ

രാമായണം

കിളിപ്പാട്ട്,മഹാഭാരതം

കിളിപ്പാട്ട് തുടങ്ങിയവയും

കുഞ്ചൻനമ്പ്യാരുടെ  തുള്ളൽ

കൃതികളും അതിലുൾപ്പെടുന്നു.

സജിന(7A)

# കേരളത്തിലെ ഗജവീരന്മാർ

1.തെച്ചിക്കോട്ട്കാവ് രാമചന്ദ്ര-
ൻ

2.തെച്ചിക്കോട്ട്കാവ് ദേവീ ദാസൻ

3.ചിറക്കൽ കാളിദാസൻ

4.ചേർപ്പുളശ്ശേരിഅനന്തപത്മനാഭൻ

5.മംഗലാംകുന്ന് കർണൻ

6.പാലാട്ട് ബ്രഹ്മദത്തൻ

7.ഊട്ടോളി അനന്തൻ

8.പുതുപ്പള്ളി കേശവൻ

9.അപ്പൂസ്

10.എറണാകുളം ശിവകുമാർ

11.പാമ്പാടി രാജൻ

12.പുത്തൻകുളം മോദി

13.ഗുരുവായൂർ വലിയ കേശവൻ

14.ചേർപ്പുളശ്ശേരി കേശവൻ

15.തൃക്കടവൂർ ശിവരാജു

16.ഗണപതി

# കെന്നത്ത് ആന്റേഴ്സൺ

വളരെ ശാന്തമായ ഒരു ഗ്രാമപ്രദേശമായിരുന്നു രുദ്രപ്രയാഗ്.അവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും കാലികളെ മേച്ചും മറ്റു കൈത്തൊഴിലുകളും ചെയ്താണ് ജീവിച്ചു വന്നത്.വളരെ ശാന്തമായ ഒരു അന്തരീഷം.

ഒരു ദിവസം ആ ശാന്തതയെ തകർത്തുകൊണ്ട് അവിടെ ക്ഷണിക്കപ്പെടാത്ത ഒരു അതിഥി വന്നെത്തി.ക്രൂരതയുടെ മുഖഭാവത്തോടെ ഇരുളിന്റെ മറവു തേടി അവൻ വന്നു.അവന്റെ ഗർജ്ജനത്തിൽ രുദ്രപ്രയാഗ് വിറങ്ങലിച്ചു.ആ നരഭോജി കടുവയുടെ ആക്രമണത്തിൽ നിരവധി പേർ മരണമടഞ്ഞു.രുദ്രപ്രയാഗ് ഭീതിയുടെ മുനയിലായി.എല്ലാവരുടേയും നിർദേശപ്രകാരം ഉടൻ തന്നെ ബാംഗ്ലൂരിലുള്ള ആന്റേഴ്സണ് സന്ദേശമെത്തി.ഉടൻ തന്നെ അദ്ധേഹം രുദ്രപ്രയാഗിലെത്തി. അദ്ധേഹം വിചാരിച്ചതു പോലെ ഗ്രാമനിവാസികൾ അദ്ധേഹത്തോട് സഹകരിച്ചിരുന്നില്ല.കടുവയെ കൊല്ലാൻ കൂട്ടു നിന്നാൽ അതിന് തങ്ങളോട് പകയുണ്ടാവുമെന്നാണ് അവരുടെ

വിശ്വാസം.അതിനാൽ കടുവയെ പിടക്കാനുള്ള
ഒരുക്കങ്ങൾ അദ്ധേഹത്തിന് ഒറ്റയ്ക്ക് ചെയ്യേണ്ടി
വന്നു.അദ്ധേഹത്തോട് ആരും സഹകരിക്കാതി-
രുന്നതിനാൽ  അദ്ധേഹത്തിന് വളരെ നിരാശ
തോന്നി.രാത്രിയിൽ അദ്ധേഹം വീടുകൾക്ക്
സമീപത്ത് ആയി ഒരു കസേരയിട്ട് രാത്രിയിൽ
കടുവയെ തന്റെ അടുത്തേക്ക് ആകർഷിക്കാൻ വേണ്ടി
ഒറ്റയ്ക്ക്കിരുന്ന് സംസാരിച്ചുകൊണ്ടേയിരുന്നു.എന്നാൽ
അന്ന് നരഭോജി അവിടെ വന്നിരുന്നില്ല.പക്ഷെ പിറ്റേ
ദിവസം ഗ്രാമവാസികൾക്കെല്ലാം അയാളോട് മതിപ്പ്
ഉണ്ടായി.ഒപ്പം ചെറിയ ഒരു ഭയവും.അടുത്ത കുറേ
ദിവസംഇതു തന്നെ ആവർത്തിച്ചു. ഒരു ദിവസം
അദ്ധേഹം അങ്ങനെ ഇരിക്കുമ്പോൾ ഒരു തെരുവുനായ
അദ്ധേഹത്തിന്റെ അരികിൽ വന്നു കിടന്നു. അദ്ധേഹം
അപ്പോൾ തന്റെ കൈയിൽ ഇരുന്ന ബിസ്ക്കറ്റ് കുറച്ച്
അതിനിട്ടുകൊടുത്തു.വളരെകുറച്ച്നേരത്തേക്ക്
വളർന്നസൗഹൃദം.അത്അയളെവിട്ടുപോകാതെ
അടുത്ത് തന്നെഇരുന്നു രാത്രിയിൽ അയാൾ ആ
നരഭോജിയുടെ സാന്നിധ്യം മനസിലാക്കി. ഒന്നും
കാണാൻ കഴിയാത്തത്ര ഇരുട്ട് എത്രനേരം കഴിഞ്ഞു

എന്നറിയില്ല.നരഭോജി അടുത്ത് തന്നെ ഉണ്ട്.പക്ഷെ ചുറ്റിനും നല്ല ഇരുട്ടാണ്.പെട്ടെന്ന് താഴെ കിടന്നിരുന്ന നായ പെട്ടെന്ന് എണീറ്റു വല്ലാതെ കുരച്ചു. നേരിയ ഇരുട്ടിൽ അയാൾ കണ്ടു. തനിക്കു നേരെ കുതിക്കാൻ തയ്യാറാകുന്ന കടുവ. ഒട്ടും താമസിക്കാതെ അദ്ദേഹം കാഞ്ചി വലിച്ചു. ക്ഷണനേരം കൊണ്ട് ആ ക്രൂര മൃഗം മരണമടഞ്ഞു.ആപത്തിൽ തന്നെ സഹായിച്ച നായയെ അയാൾ കൂടെ കൂട്ടി. പരിശീലനം കൊടുത്തു കൂടെ കൂട്ടി.തന്റെ ജീവൻ രക്ഷിച്ച ആ നായയെ അദ്ദേഹം സാരഥിയായ് ഒപ്പം കൂട്ടി.

-അതുൽ(5)

# കെന്നത്ത് ആൻ്റേഴ്സൺ

വളരെ ശാന്തമായ ഒരു ഗ്രാമപ്രദേശമായിരുന്നു രുദ്രപ്രയാഗ്.അവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും കാലികളെ മേച്ചും മറ്റു കൈത്തൊഴിലുകളും ചെയ്താണ് ജീവിച്ചു വന്നത്.വളരെ ശാന്തമായ ഒരു അന്തരീഷം.


ഒരു ദിവസം ആ ശാന്തതയെ തകർത്തുകൊണ്ട് അവിടെ ക്ഷണിക്കപ്പെടാത്ത ഒരു അതിഥി വന്നെത്തി.ക്രൂരതയുടെ മുഖഭാവത്തോടെ ഇരുളിന്റെ മറവു തേടി അവൻ വന്നു.അവന്റെ ഗർജനത്തിൽ രുദ്രപ്രയാഗ് വിറങ്ങലിച്ചു.ആ നരഭോജി കടുവയുടെ ആക്രമണത്തിൽ നിരവധി പേർ മരണമടഞ്ഞു.രുദ്രപ്രയാഗ് ഭീതിയുടെ മുനയിലായി.എല്ലാവരുടേയും നിർദേശപ്രകാരം ഉടൻ തന്നെ ബാംഗ്ലൂരിലുള്ള ആൻ്റേഴ്സണ് സന്ദേശമെത്തി.ഉടൻ തന്നെ അദ്ധേഹം രുദ്രപ്രയാഗിലെത്തി. അദ്ധേഹം വിചാരിച്ചതു പോലെ ഗ്രാമനിവാസികൾ അദ്ധേഹത്തോട് സഹകരിച്ചിരുന്നില്ല.കടുവയെ കൊല്ലാൻ കൂട്ടു നിന്നാൽ അതിന് തങ്ങളോട് പകയുണ്ടാവുമെന്നാണ് അവരുടെ

വിശ്വാസം.അതിനാൽ കടുവയെ പിടക്കാനുള്ള ഒരുക്കങ്ങൾ അദ്ധേഹത്തിന് ഒറ്റയ്ക്ക് ചെയ്യേണ്ടി വന്നു.അദ്ധേഹത്തോട് ആരും സഹകരിക്കാതി-രുന്നതിനാൽ  അദ്ധേഹത്തിന് വളരെ നിരാശ തോന്നി.രാത്രിയിൽ അദ്ധേഹം വീടുകൾക്ക് സമീപത്ത് ആയി ഒരു കസേരയിട്ട് രാത്രിയിൽ  കടുവയെ തന്റെ അടുത്തേക്ക് ആകർഷിക്കാൻ വേണ്ടി ഒറ്റയ്ക്കിരുന്ന് സംസാരിച്ചുകൊണ്ടേയിരുന്നു.എന്നാൽ അന്ന് നരഭോജി അവിടെ വന്നിരുന്നില്ല.പക്ഷെ പിറ്റേ ദിവസം ഗ്രാമവാസികൾക്കെല്ലാം അയാളോട് മതിപ്പ് ഉണ്ടായി.ഒപ്പം ചെറിയ ഒരു ഭയവും.അടുത്ത കുറേ ദിവസംഇതു തന്നെ ആവർത്തിച്ചു. ഒരു ദിവസം അദ്ധേഹം അങ്ങനെ ഇരിക്കുമ്പോൾ ഒരു തെരുവുനായ അദ്ധേഹത്തിന്റെ അരികിൽ വന്നു കിടന്നു. അദ്ധേഹം അപ്പോൾ തന്റെ കൈയിൽ ഇരുന്ന ബിസ്കറ്റ് കുറച്ച് അതിനിട്ടുകൊടുത്തു.വളരെകുറച്ച്നേരത്തേക്ക് വളർന്നസൗഹൃദം.അത്അയളെവിട്ടുപോകാതെ അടുത്ത് തന്നെഇരുന്നു രാത്രിയിൽ അയാൾ ആ നരഭോജിയുടെ സാന്നിധ്യം മനസിലാക്കി. ഒന്നും കാണാൻ കഴിയാത്തത്ര ഇരുട്ട് എത്രനേരം കഴിഞ്ഞു

എന്നറിയില്ല.നരഭോജി അടുത്ത് തന്നെ ഉണ്ട്.പക്ഷെ ചുറ്റിനും നല്ല ഇരുട്ടാണ്.പെട്ടെന്ന്  താഴെ കിടന്നിരുന്ന നായ പെട്ടെന്ന് എണീറ്റു വല്ലാതെ കുരച്ചു. നേരിയ ഇരുട്ടിൽ അയാൾ കണ്ടു. തനിക്കു നേരെ കുതിക്കാൻ തയ്യാറാകുന്ന കടുവ. ഒട്ടും താമസിക്കാതെ അദ്ധേഹം കാഞ്ചി വലിച്ചു. ക്ഷണനേരം കൊണ്ട് ആ ക്രൂര മൃഗം മരണമടഞ്ഞു.ആപത്തിൽ തന്നെ സഹായിച്ച നായയെ അയാൾ കൂടെ കൂട്ടി. പരിശീലനം കൊടുത്തു കൂടെ കൂട്ടി.തന്റെ ജീവൻ രക്ഷിച്ച

1

# ഭൂമിതൻ പ്രേരണ



ഏതോ കരിമുകിലിൻ
കണ്ണുനീർ അവൻതൻ
പ്രണയിനി
ഭോമിയുമായി
പങ്കുവെച്ചു.ഒരുപാട്
ഭാരങ്ങൾ താങ്ങുമോ......
അമ്മയാകണ്ണുനീർ തൻ

2

ഇടനെഞ്ചിനുള്ളിൽ

ഒളിച്ചുവെച്ചു  എരിയുന്ന

നെഞ്ചിലെ തീയേ.....

മറച്ചവർ

തന്നിലെ ജലഗണം

പങ്കുവെച്ചു.

എണ്ണമറ്റത്ര തൻ മക്കൾ

ക്ക് തുല്യമായി

ജീവിതം പങ്കിടാൻ

നിറച്ചുവെച്ചു

3

ഒരുനാളും അടങ്ങാത്ത

ആർത്തിയാൽ മനുഷ്യാ

നീ ഒരു തുള്ളി  ജലം

പോലും കളഞ്ഞീടല്ലേ

...........
ഒരുതുള്ളി ജലവും ഒരു

ജീവചാലവും

ഒരു പോലയാണ്,

അമ്മഭൂമിക്ക് നഷ്ടമാണ്

# തേൻ കുരുവീ

ചെല്ലക്കുരുവീ, തേൻകുരുവി....

എന്നുടെ കൂടെ പോരുന്നോ?

കൂടുണ്ടാക്കാൻ ചകിരി തരാം.....

വള്ളിതരാം ഞാൻ കമ്പുതരാം....

കൂട്ടിലിരുന്ന് കഴിക്കാനായ്.....

പാത്രം നിറയെ തേനും തരാം

ചെല്ലക്കുരുവീ, തേൻകുരുവി....

എന്നുടെ കൂടെ പോരുന്നോ?

-കവേരി

# വനസുന്ദരി

വൃക്ഷങ്ങൾ നിറഞ്ഞുനിൽക്കുന്ന

വനഹൃദന്തം.പൂമൊട്ടുകൾ മെല്ലെ

തലയുയർത്തി ചുറ്റും നോക്കി,മെ-

ല്ലെ വിരിയാൻ തുടങ്ങുന്നു.പുക

പോലെ മഞ്ഞ്എല്ലായിട

എല്ലായിടത്തുംപരന്നിരിക്കുന്നു.

സൂര്യകിരണങ്ങൾ മെല്ലെ

ഒളിഞ്ഞു നോക്കുന്നു.വനമുല്ലകൾ

പുഞ്ചിരി തൂകിസുഗന്ധംപരത്തി

നിൽക്കുന്നു. -അഭിജിത്ത്



# MOTHER’S LOVE

Mother! Mother! My loving mother

you are my love and you are my all

you gave me birth suffering pain

you suffered a lot to make me grow

Mother! Mother! My loving mother

you teach me lesson of love and peace

that heep me to gain

success

Nothing to repay for your love

and care only my heat full of love......

Mother! Mother! My loving mother

you are my gift of god

you are my anjel of peace,

BY

Sandra

# പ്രളയം



2018- ൽ പലരും പലരീതിയിൽ ഓർത്തെടുക്കുമ്പോൾ മലയാളികൾക്ക് അത് ചില നീറുന്ന, നനഞ്ഞൊട്ടിയ പ്രളയക്കാഴ്ചകളാണ്. മഴയുടെ പ്രണയാദ്രമായ വശ്യമായ സൗന്ദര്യം പലരും മറന്നു പോയി. കലിതുള്ളിയെത്തിയ പേമാരി ചരിത്രത്തിലെ  നൊമ്പരചാലുകളായി മാറി. അവൾ, നിഷ്കരുണം കവർന്നെടുത്ത് പതിനായിരങ്ങളുടെ സ്വപ്നങ്ങളായിരുന്നു. മഴയുടെ വന്യത ഒരു പക്ഷെ നമ്മടെ രാജ്യം തന്നെ ഇത്തരത്തിൽ മുൻപ് കണ്ടിട്ടുണ്ടോ എന്നത് സംശയമാവും. കിടന്നുറങ്ങിയ ഭൂമിയും ഒന്നും ഒന്നിനും ഉപകാരപ്പെടാത്ത രീതിയിൽ മഴ വിഴുങ്ങിയിരുന്നു! ഒലിച്ചുപോകുന്ന  സ്വപ്നങ്ങളെ  നോക്കി  നാം എല്ലാവരും ഒരു കാഴ്-

ചവസ്ഥവായി നിൽക്കുന്നു.



# മിഠായികൾ

വർണ്ണക്കടലാസിനുള്ളിലായ് കല്ലുകൾ

ചുറ്റിപ്പൊതിഞ്ഞു നിരത്തിവെയ്ക്കേ ,

ഇത്തിരിപ്പോന്ന കിടാങ്ങളോടന്നവൾ

മിഠായിയാണെന്ന് ചൊന്നിരുന്നു.



പച്ചിലക്കശ്ചമായ് മിഠായി വാങ്ങുവാൻ

കൊച്ചനുജത്തിമാർ മത്സരിക്കേ

വിൽപ്പനക്കാരിതൻ നെഞ്ചിനക -

ത്തൊരു നൊമ്പരക്കാറ്റ് കടന്നുകൂടി



മാന്ത്രികവിധ്യയാൽ കല്ലുകളൊക്കെയും

മിഠായിയാക്കാൻ കഴിഞ്ഞുവെങ്കിൽ !



# ഭൂമിയുടെ ജനനം



എത്ര നാളത്തെ കഠിനപരിശ്രമം

കൊണ്ടാണ് ഇന്ന് നമ്മൾ കാണുന്ന രൂപത്തിൽ ഭൂമി എത്തിയതെന്നറിയതെന്നറിയാമോ? നാലായിരത്തി അഞ്ഞൂറ് വർഷങ്ങൾക്കു മു-ൻപാണ് കഥ തുടങ്ങുന്നത്. ഗുരുത്വാകർഷണത്തിന്റെ പ്രഭാവം മൂലം അന്തരീക്ഷത്തിലങ്ങനെ വിലസിക്കൊണ്ടിരിക്കുന്ന ഒരു മേഘപാളി അത് വികസിക്കാൻ തുടങ്ങി. പരസ്പരം കൂടിച്ചേരാൻ തുടങ്ങി. ഇതി-ന്റെ ഗുരുത്വാകർഷണം മൂലം തൊട്ടടുത്തുള്ള വാതകങ്ങളൊക്കെ ഇതിന്റെ കൂടെ വന്നുചേരാൻ തുടങ്ങി. പിന്നെ വാതകങ്ങൾ കൂടിച്ചേർന്നു -കൊണ്ടിരുന്നു. ഇതിന്റെ ഫലമായി ഒരു മേഘപാളി വികസിക്കാൻ തുടങ്ങി. പരസ്പരം കൂടിച്ചേരാൻ തുടങ്ങി. ഇങ്ങനെ വാതകങ്ങൾ കൂടി ച്ചേർന്നതിന്റെ ഫലമായി ഭൂമിയുടെ കേന്ദ്രഭാഗത്ത് ചൂട് വർധിക്കാൻ

തുടങ്ങി. അങ്ങനെ ഒരു ദിവസം പൊട്ടിത്തെറിയുണ്ടായി. ഇതിനുശേഷമാണ് സൂര്യൻ പ്രത്യക്ഷപ്പെടുന്നത്. ഗുരുത്വാകർഷണം മൂലം തൊട്ടടുത്തുള്ള വാതകങ്ങൾ മേഘപാളിയിൽ കൂടിച്ചേർന്നു.

വാതകങ്ങളും പൊടിപടലങ്ങളും കൂടിച്ചേർന്ന് വലിയ കല്ലുകൾ രൂപപ്പെട്ടു. ഇത്തരം കല്ലുകൾ രൂപപ്പെട്ടു. ഇത്തരം കല്ലുകൾ രൂപപ്പെട്ട് ഗോളാകൃതിയിലുള്ള പല കാര്യങ്ങൾ ഉണ്ടായി ഇതാണ് ഗ്രഹങ്ങൾ. ഇതിലൊന്നാണ് ഭൂമി.



## അയൽക്കാരനെ സ്നേഹിക്കാം

ഒരിടത്തൊരു കർഷകനുണ്ടായിരുന്നു. എല്ലാ കൊല്ലവും ഏറ്റവും നല്ലയിനം ചോളം കൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള അവാർഡ് ഇദ്ദേഹത്തിനായിരുന്നു. ഇ-

തിന്റെ രഹസ്യം എന്താണെന്നറിയാൻ  പത്രപ്രവർത്തകൻ

കർഷകന്റെ വീട്ടിലെത്തി. കർഷകൻ അയാളെ സ്വീകരിച്ചി-

രുത്തി  ചായ നൽകി. എന്നിട്ട് അയാളെയും  കൂട്ടി കർഷകൻ

തന്റെ വയലിലേക്ക് നടന്നു നീങ്ങി. അപ്പോഴാണ് പത്രപ്രവർ-

മനസ്സിൽ ഒരു സംശയം ഉയർന്നുവന്നത് ഒട്ടും വൈകാതെ ത-

ന്നെ പത്രപ്രവർത്തകൻ ആ സംശയം കർഷകനോട് ചോദി

ക്കുന്നു. താങ്കൾ എല്ലാ കൊല്ലവും നല്ല വിളവെടുപ്പ് അവാർഡ്

വാങ്ങുന്നു. എന്താണിതിന്റെ രഹസ്യം?



ഹ! ഹ! ഞാൻ എന്റെ അയൽക്കാരനെ സ്നേഹിക്കുന്നതുകൊണ്ട് !

കർഷകൻ പറഞ്ഞു.  'ങേ, അയൽക്കാരനെ സ്നേഹിക്കുന്നതുകൊണ്ടോ

അതെ! ഞാൻ കൃഷി ചെയ്തുണ്ടാക്കുന്ന നല്ലയിനം ചോളവിത്തുകൾ എ-

ന്റെ അയൽക്കാർക്കും ചുമ്മാതെ നൽകും'! കർഷകൻ പറഞ്ഞു.

അതെന്തിനാണ്?  പത്രപ്രവർത്തകൻ ചോദിച്ചു.

'അവരും കൃഷിചെയ്യാൻ വേണ്ടി' കർഷകൻ ചിരിച്ചു. അയൽക്കാർ കൃ-

ഷിചെയ്താൽ താങ്കൾക്കെങ്ങനെ നല്ല വിളവുകിട്ടും? ഒന്നും മനസ്സിലാ

വാതെ പത്രപ്രവർത്തകൻ കർഷകന്റെ മുഖത്തുനോക്കി. ഹ! ഹ! പറ-യാം ചോളത്തിന്റെ പരാഗണം നടക്കുന്നത് വായുവിലൂടെ ആണ് അടുത്തുള്ള വയലിൽ ഗുണമില്ലാത്ത ചോളങ്ങളാണ് ഉള്ളതെങ്കിൽ അവി-ടെ നിന്നും വരുന്ന പൂമ്പൊടികൾ എന്റെ വയലിലെ ചോളവുമായി ചേ-രും. അപ്പോഴാണ് ഗുണമില്ലാത്ത സങ്കരയിനം ചോളമാവും ഉണ്ടാവുക. അപ്പോൾ നല്ലയിനം ചോളം ലഭിക്കുകയും ചെയ്യും.

# പലതുള്ളി പെരുവെള്ളം....

2018-ൽ ജനങ്ങൾ നേരിട്ട വൻ പ്രളയം അതിജീവിച്ച് കരകടന്ന നാം ഓരോരുത്തരും ഇപ്പോൾ നേരിടാൻ പോകുന്ന അടുത്ത ദുരന്തമാണ് ശക്തമായ വേനൽ. നമ്മൾ നേരിട്ട-പ്രളയത്തിന് ഇരട്ടിയായാണ് ഈ വേനൽ ഇവിടെ പ്രത്യക്ഷമാകുന്നത്. മനുഷ്യനാൽ വരുത്തിവച്ച ഈ വൻ ദുരന്തത്തെ ജനങ്ങൾ തന്നെ നേരിട്ടേ മതിയാകൂ

മരങ്ങൾ വെട്ടിമുറിക്കന്നതുമൂലവ

# LITTLE KITES MEMBERS

